# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1508** **06.03.2017 ൽ മറുപടിയ്ക്ക്**

**<u>പച്ചക്കറി കൃഷി വികസനപദ്ധതികൾ</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീമതി.ഗീതാ ഗോപി<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ.കെ.രാജൻ | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പച്ചക്കറി കൃഷി വികസനത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നറിയിക്കാമോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പച്ചക്കറി കൃഷി വികസനത്തിനായി പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി പുരയിടങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, അർബൻ ക്ലസ്റ്റർ പ്രോത്സാഹനം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി പ്രോത്സാഹനം, ജില്ലാ ക്ലസ്റ്റർ വികസനം, തരിശു നില കൃഷി, മാധ്യമങ്ങൾ വഴിയും എൻ.ജി.ഒ-കൾ മുഖേനയും വിത്ത്, നടീൽ വസ്തുക്കൾ എന്നിവയുടെ വിതരണം, 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള വികസന സഹായം, സൂക്ഷ്മ മൂലകങ്ങൾ ഉപയോഗിച്ചുള്ള പ്രദർശനതോട്ടങ്ങൾ , ബ്ലോക്ക് തല ഫെഡറേറ്റഡ് സമിതികൾക്ക് ധനസഹായം നൽകൽ, കിഴങ്ങു വർഗ്ഗ വിളകളുടെ വികസനം, നഴ്സറികളുടെ സ്ഥാപനം, മഴ മറകൾ സ്ഥാപിക്കുന്നതിന് ധനസഹായം, സങ്കര വർഗ്ഗ വിളകളുടെ പരീക്ഷണത്തോട്ടങ്ങൾക്ക് ധനസഹായം നൽകൽ, സൂക്ഷ്മ ജലസേചനവും, ജലസേചനം വഴിയുള്ള വള പ്രയോഗവും നടത്തുന്നതിനു ധനസഹായം നൽകൽ, പച്ചക്കറിയുടെ ഗുണനിലവാരം പരിശോധി ക്കുന്നതിനും വിഷരഹിതമായി ഉല്പാദിപ്പിച്ച പച്ചക്കറി കമ്പോളത്തിൽ ലഭ്യമാക്കുന്നതിനുമായി സേഫ്-ടു-ഈറ്റ് പദ്ധതിയും വി.എഫ്.പി.സി.കെ മുഖേന പച്ചക്കറി കൃഷി വികസനത്തിനായി 600 ലക്ഷം രൂപയുടെ വിവിധ പദ്ധതികളും |

| | | | |
|---|---|---|---|
| | | | മുഖേന പച്ചക്കറി കൃഷി വികസനത്തിനായി 600 ലക്ഷം രൂപയുടെ വിവിധ പദ്ധതികളും നടപ്പിലാക്കിവരുന്നു. ഇടുക്കി, കാന്തല്ലൂർ, വട്ടവട ഏരിയായെ പ്രത്യേക സോണായി പ്രഖ്യാപിച്ച് പച്ചക്കറിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| ബി) | പച്ചക്കറി കർഷകർക്ക് ഇൻസെന്റീവ് നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | ബി) | പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടർ ഒന്നിന് 15,000/- രൂപ നിരക്കിൽ പച്ചക്കറി കൃഷിക്ക് ധനസഹായം നൽകുന്നുണ്ട്. ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കാസർഗോഡ് ജില്ലയിൽ PGS സർട്ടിഫിക്കേഷനും ജൈവ കൃഷി ഉല്പാദനവും എന്ന പദ്ധതി പ്രകാരം 1000 ടൺ സംരക്ഷിത പച്ചക്കറി കിലോയ്ക്ക് 2.50 രൂപ നിരക്കിൽ വി.എഫ്.പി.സി.കെ വഴി ജൈവപച്ച ക്കറി കർഷകർക്ക് ഇൻസന്റീവ് നൽകി വരുന്നു. കൂടാതെ വട്ടവട-കാന്തല്ലൂർ മേഖലയിൽ വി.എ ഫ്.പി.സി.കെ സമിതികളിൽ ഉല്പന്നം കൊണ്ടുവരുന്ന കർഷകർക്ക് കിലോയ്ക്ക് 2 രൂപ എന്ന നിരക്കിൽ പ്രൊഡക്ഷൻ ബോണസ്സും നൽകിവരുന്നു. |
| സി) | വട്ടവട - കാന്തല്ലൂർ മേഖലയിലെ പച്ചക്കറി കർഷകരെ സഹായിക്കുന്നതിനായി ഒരു പ്രത്യേക കാർഷിക മേഖല രൂപീകരിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ; വിശദമാക്കുമോ? | സി) | വട്ടവട-കാന്തല്ലൂർ മേഖലയിലെ പച്ചക്കറി കർഷകരെ സഹായിക്കുന്നതിനായി ദേവികുളം ബ്ലോക്ക് ആസ്ഥാനമാക്കി ഒരു പ്രത്യേക കാർഷിക മേഖല രൂപീകരിക്കുന്നതിനുള്ള പദ്ധതിക്ക് 2017 - 18 വർഷത്തിൽ നടപ്പിലാക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. വിത്ത് മുതൽ വിപണിവരെയും തുടർന്ന് ഉല്പന്നങ്ങൾ സംഭരിച്ച് സൂക്ഷിക്കുന്നതിനും മൂല്യ വർദ്ധനവ് നടത്തി വില്പന നടത്തുന്നതിനും കർഷർക്ക് പലിശ രഹിത വായ്പ നൽകുന്നതിനും പദ്ധതിയിൽ പരിഗണന നൽകിയിട്ടുണ്ട്. കൃഷി വകുപ്പിന്റെ ഹരിതകേരളം പദ്ധതിയുമായും അഗ്രോപാർക്ക് പദ്ധതിയുമായും ബന്ധപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്. |

**സെക്ഷൻ ഓഫീസർ**